പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 108

14.06.2012- ലെ
മറുപടിക്ക്

## കയറിന്റെ സംഭരണവില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.കെ. വിജയൻ<br>,, പി.തിലോത്തമൻ<br>ശ്രീമതി. ഇ.എസ്. ബിജി മോൾ<br>ശ്രീ. വി.ശശി | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)കയറിന്റെ സംഭരണവിലയും വില്പനവിലയും നിശ്ചയിക്കു ന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ; | (എ) ചകിരി വില, ഉൽപ്പാദന ചിലവ്, വിപണി വില, ഭരണച്ചെലവ് എന്നിവ കണക്കിലെടുത്താണ് പ്രധാനമായും കയറിന്റെ സംഭരണ വിലയും വിൽപ്പന വിലയും നിശ്ചയിക്കുന്നത്. |
| (ബി)ഇത് അവസാനമായി നിശ്ചയിച്ചതെന്നാണ്; വില പുതുക്കി നിശ്ചയിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) സർക്കാർ നിയോഗിച്ച കമ്മറ്റി യുടെ 10.5.12 ലെ മീറ്റിംഗിൽ നിബന്ധനകൾക്ക് വിധേയമായി വിലനിശ്ചയിച്ചിട്ടുണ്ട്. കയർ വില നിശ്ചയി ക്കുന്നതിന് ശുപാർശ നൽകുന്നതിനായി ഒരു പ്രത്യേക കമ്മിഷനെ നിയമിച്ചിട്ടുണ്ട്. |
| (സി)വില നിശ്ചയിക്കാതിരുന്നതുമൂലം സഹകരണ സംഘങ്ങളുടെ പ്രവർത്തനം മന്ദീഭവിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സംഘങ്ങളിൽ എത്ര തുകയുടെ കയർ കെട്ടികിടക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ; | (സി) വിലനിശ്ചയിക്കാതിരുന്നതു കൊണ്ട് മാത്രം സഹകരസംഘങ്ങളുടെ പ്രവർത്തനം മന്ദീഭവിച്ചിട്ടില്ല. |
| ഡി) കയർ സംഭരിക്കുന്നതിന് കയർ വികസന കോർപ്പറേഷനിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത് ; | ഡി) കയർ സംഭരിക്കുന്നതിനുള്ള പ്രാഥമിക ഉത്തരവാദിത്വം കയർ ഫെഡിനാണ്. കയർ ഫെഡിൽ പ്രത്യേക യാൺ ഡിവിഷൻതന്നെ രൂപീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഇ) സംഘങ്ങളിൽ നിന്നും കയർ സംഭരിക്കുന്നതിനുള്ള അവകാശം സ്വകാര്യ വ്യക്തികൾക്ക് നൽകിയിട്ടുണ്ടോ? | (ഇ) നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം കയർ സംഭരിക്കുന്നതിന്റെ പ്രാഥമിക ഉത്തരവാദിത്വം കയർഫെഡിനാണ്. അപ്രകാരം സംഭരിക്കാതെ വരുമ്പോൾ കയർ മേഖലയിലെ മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾക്കും, മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും മറ്റ് ചെറുകിട ഉൽപ്പാദക സംഘങ്ങൾക്കുംമുൻഗണനാക്രമത്തിൽ കയർ നൽകാവുന്നതാണ്. ഇവർ ആരും കയർ സംഭരിക്കാത്ത സാഹചര്യം നിലവിലായാൽ മാത്രം മാനദണ്ഡങ്ങൾ പാലിച്ച് സ്വകാര്യമേഖലയിൽ വിൽക്കാവുന്നതാണ്. . |

സെക്ഷൻ ഓഫീസർ